**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്ത് ODF പ്രോഗ്രാം നടപ്പാക്കുന്നതിന്റെ ഭാഗമായി ഇടുക്കി,വയനാട്,കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ ഉപേക്ഷിക്കപ്പെട്ട സ്വകാര്യ എസ്റ്റേറ്റ് ലയങ്ങളിൽ താമസക്കാരായ കുടുംബങ്ങൾക്ക് ടോയ്ലെറ്റ് സൗകര്യം ഒരുക്കുന്നതിന് ഗാർഹിക കക്കൂസുകളും, വരി കക്കൂസുകൾ / കമ്മ്യൂണിറ്റി സാനിറ്ററി കോപ്ലെക്സുകളും നിർമ്മിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം. 2592 /16/തസ്വഭവ തിരുവനന്തപുരം, തീയതി 03.09.2016

പരാമർശം-(1) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.09.2016 ലെ 2297/A /2015/SM നമ്പർ കത്ത്

(2) 16.08.2016 ൽ ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ തീരുമാനം

**ഉത്തരവ്**

സംസ്ഥാനത്ത് ഇടുക്കി, വയനാട്, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ ഉപേക്ഷിക്കപ്പെട്ട സ്വകാര്യ എസ്റ്റേറ്റ് ലയങ്ങളിൽ 723 ഗാർഹിക കക്കൂസുകളും 33 വരി കക്കൂസുകൾ/കമ്മ്യൂണിറ്റി സാനിറ്ററി കോപ്ലെക്സുകളും നിർമ്മിക്കുവാൻ ഉണ്ടെന്നും,ആയതിന് ഏകദേശം 2 കോടി രൂപ ആവശ്യമായി വരുമെന്നും, സംസ്ഥാനത്ത് സമ്പൂർണ ODF പ്രഖ്യാപനം നടത്തുന്നതിന് ആയത് ആവശ്യമാണെന്നും അതുകൊണ്ടു തന്നെ ഇത്തരം ലയങ്ങളിൽ കക്കൂസ് സൗകര്യം ഒരുക്കുന്നതിൽ പഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവിറക്കാൻ സർക്കാരിനോട് ശുപാർശ ചെയ്യുവാൻ പരാമർശം 2 പ്രകാരം തീരുമാനമെടുത്തതായും പരാമർശം 1 കത്ത് പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.ഇടുക്കി, വയനാട്, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ വിവിധ പഞ്ചായത്തുകളിൽ താഴെ പറയുന്ന രീതിയിലാണ് ഉപേക്ഷിക്കപ്പെട്ട എസ്റ്റേറ്റ് ലയങ്ങളിൽ ഗാർഹിക കക്കൂസുകളോ സാനിറ്ററി കോംപ്ലെക്സുകളോ നിർമിക്കുവാൻ ഉള്ളതെന്ന് പരാമർശം 1 കത്തിൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിരിക്കുന്നു

<u>ഇടുക്കി ജില്ല</u>

| | |
|---|---|
| അയ്യപ്പൻ കോവിൽ പഞ്ചായത്ത് - | സ്വകാര്യ എസ്റ്റേറ്റ് ഭൂമിയിൽ പൊതു കക്കൂസ് |
| രാജകുമാരി പഞ്ചായത്ത് - | 41 ഗാർഹിക കക്കൂസുകൾ |
| ഉപ്പുതറ പഞ്ചായത്ത് - | 408 ഗാർഹിക കക്കൂസുകൾ |
| വണ്ടിപ്പെരിയാർ പഞ്ചായത്ത് - | 50 ഗാർഹിക കക്കൂസുകൾ |
| ചക്കുപള്ളം പഞ്ചായത്ത് - | 7 ഗാർഹിക കക്കൂസുകൾ,പുതുക്കി പണിയുവാനുള്ള 6 സാനിറ്ററി കോംപ്ലക്സുകൾ |

കൊല്ലം ജില്ല

ആര്യങ്കാവ് പഞ്ചായത്ത് - സ്വകാര്യ എസ്റ്റേറ്റ് ഭൂമിയിൽ 20 ഗാർഹിക കക്കൂസുകൾ

വയനാട് ജില്ല

മേപ്പാടി പഞ്ചായത്ത് - സ്വകാര്യ എസ്റ്റേറ്റ് ഭൂമിയിൽ 13 ഗാർഹിക കക്കൂസുകൾ

തവിഞ്ഞാൽ പഞ്ചായത്ത് - 24 വരി കക്കൂസുകൾ

നെല്ലിയാംപതി പഞ്ചായത്ത് - 9 കുടുംബങ്ങൾക്ക് ഗാർഹിക കക്കൂസ്

തിരുവനന്തപുരം ജില്ല

വിതുര പഞ്ചായത്ത് - 175 ഗാർഹിക കക്കൂസുകൾ

ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശുപാർശയിന്മേൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി, വയനാട്, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ ഉപേക്ഷിക്കപ്പെട്ട സ്വകാര്യ ലയങ്ങളിൽ മേൽ പറഞ്ഞ നിലയിൽ ഗാർഹിക കക്കൂസുകളോ വരി കക്കൂസുകൾ / കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകളോ നിർമ്മിച്ചു നൽകുവാൻ ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപറേഷന്റെ ഉടമസ്ഥതയിലുള്ള ഉപേക്ഷിക്കപ്പെട്ട ലയങ്ങളിലും ഈ ഉത്തരവ് ബാധകമായിരിക്കും.ഇതിനാവശ്യമായ തുക ഗ്രാമ/ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടെ വികസന ഫണ്ടിൽ നിന്നും അനുവദിക്കാവുന്നതാണ്

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

വിജയകുമാർ ടി പി

ഗവ: സ്പെഷ്യൽ സെക്രട്ടറി

എല്ലാ ജില്ല കളക്ടർമാർക്കും.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ ,ശുചിത്വ മിഷൻ
ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
എക്സിക്യൂട്ടീവ് ഡയറക്ടർ ,ഇൻഫോർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ് -ന്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്